കുറിപ്പുകൾ

●

**കെ.എ ഫൈസൽ**

# ‘അത്ഭുത പാർട്ടി’യുടെ പതനം

**കമ്യൂണിസം** ഒരു ശാസ്ത്രമായിരുന്നുവെങ്കിൽ അത് ആദ്യം പ്രയോഗിക്കേണ്ടത് മൃഗങ്ങളിലായിരുന്നുവെന്ന ഒരു സരസനിരീക്ഷണമുണ്ട്. നേരിട്ട് അത് മനുഷ്യരിൽ പരീക്ഷിച്ചതാണ് പ്രശ്നമായത്. ഈ ജനിതകദൗർബല്യം ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ മാർക്സിസ്റ്റ് പാർട്ടികളെ കുറച്ചൊന്നുമല്ല വേട്ടയാടുന്നത്. മോസ്കോവിൽ തകർന്നുവീണ ചീട്ടുകൊട്ടാരത്തിന്റെ അലയൊലികൾ തിരുവനന്തപുരത്തും കാണുന്നത് സ്വാഭാവികം മാത്രം. കാൾ മാർക്സിന്റെ ചിന്തകളും പഠനങ്ങളുമാണ് കമ്യൂണിസത്തിന്റെ അടിത്തറ. മാർക്സിന് പരിണാമസിദ്ധാന്തത്തിന്റെ ആചാര്യനായ ചാൾസ് ഡാർവിനോടുണ്ടായ ആരാധന പ്രസിദ്ധമാണ്. അവർ തമ്മിൽ ആശയങ്ങളുടെ പങ്കുവെക്കലുകൾ പതിവായിരുന്നു. മാർക്സ് *ദാസ് കാപ്പിറ്റൽ* രചിച്ചതിനു ശേഷം അത് ചാൾസ് ഡാർവിന് അയച്ചുകൊടുക്കുകയുണ്ടായി. പരിണാമസിദ്ധാന്തം പ്രതിപാദിക്കുന്ന ഡാർവിന്റെ പുസ്തകത്തെ മാർകസ് മുക്തകണ്ഠം പ്രശംസിച്ചു. മാത്രമല്ല ‘സാമൂഹിക ഡാർവിനിസം’ എന്ന കാഴ്ച്ചപ്പാട് ഡാർവിനിൽനിന്ന് മാർക്സ് കടംകൊണ്ടു. ഇതെല്ലാം അനവസരത്തിലല്ല ഇവിടെ കുറിക്കുന്നത്. ലോകത്ത് പരിണാമസിദ്ധാന്തം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നവരാണ് ഇന്ന് മാർക്സിസ്റ്റു പാർട്ടികൾ. ‘കുരങ്ങിൽനിന്ന് മനുഷ്യനിലേക്കുള്ള പരിണാമത്തിൽ അധ്വാനം വഹിച്ച പങ്കി’നെ കുറിച്ച് എംഗൽസ് പുസ്തകം രചിച്ചിട്ടുണ്ട്. തൊഴിലാളിയിൽ നിന്ന് മുതലാളിയിലേക്കുള്ള പരിണാമത്തിൽ മൂലധനം വഹിച്ച പങ്കിനെക്കുറിച്ചാണ് ഇപ്പോൾ ഗവേഷണങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്. ചൈനമുതൽ ബംഗാൾ വരേയുള്ള മാതൃകകളോട് പ്രിയമേറുന്നത് വർഗസമരം പരിണാമത്തിന് വഴിമാറിയതിന്റെ ഫലമായാണ്.

എട്ടാമത്തെ അത്ഭുതമായാണ് ഇടതു ആചാര്യന്മാർ കേരളത്തിൽ 1957 ൽ ബാലറ്റിലൂടെ കമ്യൂണിസ്റ്റ് മന്ത്രിസഭ അധികാരത്തിലെത്തിയതിനെ വിശേഷിപ്പിച്ചിരുന്നത്. അതൊരു അത്ഭുതപ്രവൃത്തി തന്നെയായിരുന്നു. അതുകൊണ്ടുതന്നെ ഇ.എം.എസ് നേതൃത്വം നൽകുന്ന കേരളത്തിലെ കമ്യൂണിസ്റ്റു പാർട്ടിക്ക് ലോകത്ത് അത്ഭുതപാർട്ടി എന്ന നാമകരണവുമുണ്ടായി. ചരിത്രത്തിൽ തുല്ല്യതയില്ലാത്ത ‘അത്ഭുതകൃത്യങ്ങളാണ്’ വർത്തമാനകാലത്ത് കേരളത്തിലെ പാർട്ടിയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആദർശത്തിന്റെ അടിത്തറയിളകിയതാണ് അതിൽ പ്രധാനം. പിന്നീടത് ആളുകൾ ചോരുന്ന അടിയൊഴുക്കുകളായി. അച്ചടക്കത്തിന്റെ അങ്കതട്ടിൽ വാളെടുത്ത സെക്രട്ടറിമാരെല്ലാം വെളിച്ചപ്പാടുകളായി. പലപ്പോഴായി ഉരുണ്ടുവീണ തലകൾ പലതും ‘മുന്തിയ ഇന’മായിരുന്നു. സ്റ്റാലിൻ തന്റെ ഇഷ്ടക്കാരെയെല്ലാം പാർട്ടിനേതൃത്വത്തിൽ അവരോധിച്ചു. ശിഷ്ടക്കാരെയെല്ലാം സൈബീരിയയിലേക്ക് നാടുകടത്തുകയുമുണ്ടായി. സ്റ്റാലിന്റെ പാരമ്പര്യമുള്ള പാർട്ടി സെക്രട്ടറിമാർ തങ്ങൾക്ക് അപ്രിയരായവരെ പടിയടച്ചു പിണ്ഡം വെക്കുന്നതിൽ അഭിമാനം കൊണ്ടു. കമ്യൂണിസ്റ്റു പാർട്ടികൾ മതജാതി ചിന്തകളിൽനിന്ന് മുക്തരാണെന്ന് അഭിമാനം കൊള്ളാറുണ്ട്. അബ്ദുല്ലക്കുട്ടി മാറി മാറി ഉംറ ചെയ്താലും കൊടിയേരിക്ക് വേണ്ടിയെത്രയോ തവണ കാടാമ്പുഴയിൽ പൂമൂടൽ നടത്തിയാലും മാറ്റാൻ കഴിയുന്നതല്ല ഈ പ്രകൃതം. പക്ഷേ ‘മതജാതിമുക്തം’ എന്നത് ഒരു ആനക്കാര്യമായി നാം തെറ്റിദ്ധരിക്കേണ്ടതില്ല. മതത്തിന്റെ യാതൊരു നല്ല വശവും അതിലില്ലായെന്നു മാത്രമേ അതിനർഥമുള്ളു. മതത്തോട് ചേർത്ത് വിമർശകർ സാധാരണഗതിയിൽ ഉന്നയിക്കാറുള്ള എല്ലാ ജീർണതകളും പാർട്ടിയിൽ അരങ്ങുതകർക്കുന്നുണ്ട്. പ്രവർത്തകർ പലപ്പോഴും മതവിശ്വാസികളെ തോൽപ്പിക്കുന്ന തരത്തിൽ പാർട്ടിയോട് അന്ധവിശ്വാസമുള്ളവരാണ്. പാർട്ടി ആസ്ഥാനങ്ങൾ ഇന്ന് ആരാധനാലയങ്ങൾക്ക് തുല്യമാണ്. പാർട്ടി മേധാവികൾ ഒന്നാംതരം പുരോഹിതന്മാരെ പോലെയാണ് പെരുമാറുന്നത്. ജാതിജീർണതകളെ തോൽപ്പിക്കുന്നതരത്തിലുള്ള തൊട്ടുകൂ



**കമ്പനിയേമാനന്മാരോട് കപ്പം വാങ്ങി വികസനമെന്ന വ്യാജേന ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്ന നയസമീപനങ്ങൾക്ക് കണക്കിന് പ്രഹരമേൽക്കുന്നുണ്ട് ഇടതുപാർട്ടികൾക്ക്. പ്രതികാരം ചെയ്യാനുള്ള ഒരവസരവും ജനങ്ങൾ പാഴാക്കുന്നില്ല. ആ പാഠങ്ങളിൽ ഈടുറ്റത് നന്ദിഗ്രാമിലേതാണ്.**

ടായ്മയും തീണ്ടിക്കൂടായ്മയുമാണ് ഗ്രൂപ്പ് തലത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുന്നത്. 'കൂറുള്ളവർക്കേ ചോറുള്ളൂ' എന്നതാണ് യാഥാർഥ്യം. തിരുവനന്തപുരത്ത് പോളിറ്റ് ബ്യൂറോയുടെ 'സ്ഥിരംബെഞ്ച്' സ്ഥാപിക്കാതെ ഒരടി മുന്നോട്ടുപോകാൻ കഴിയാത്ത അവസ്ഥയിലാണിപ്പോൾ കാര്യങ്ങൾ.

വലതുപക്ഷത്താണെന്ന് ഇടതുപക്ഷം ആരോപിക്കുന്ന കോൺഗ്രസ് പാർട്ടിയുമായുള്ള വ്യത്യാസങ്ങളുടെ അതിരുകൾ നേർത്തുവരികയാണ് മാർക്സിസ്റ്റു പാർട്ടിയിൽ. അക്കാര്യത്തിൽ ബംഗാളിലെ നേതാക്കൾ 'മത്സരിച്ചോടുക'യാണ്. 'ബംഗാളിലേക്ക് നോക്കൂ' എന്ന കോൺഗ്രസ് പ്രചാരണം രണ്ടുകൂട്ടർക്കും തൊട്ടുനുണയാനുള്ളത് അമേരിക്കൻ കോൺഗ്രസിന്റെ നയങ്ങളാണുതാനും. കാലത്തിനൊത്തു പാർട്ടിയെ നയിക്കണമെന്നാണ് പുതിയ മാനിഫെസ്റ്റോ. കൃഷ്ണപിള്ള നയിച്ചതുപോലെ ഇന്നത്തെ കാലത്ത് ആർക്കെങ്കിലും പാർട്ടിയെ നയിക്കാനാകുമോയെന്നാണ് ഒരു മന്ത്രിയദ്ദേഹം ചോദിച്ചുകൊണ്ടിരിക്കുന്നത്. ഭൂപരിഷ്കരണത്തിന്റെ പോരിഷയിൽ അഭിരമിക്കേണ്ട കാലം കഴിഞ്ഞു. ഭൂരഹിതരോട് 'അനുരാഗാത്മകമായ ഭ്രമം' ഉണ്ടായതുകൊണ്ടുമാത്രം പുതിയകാലത്ത് പിടിച്ചുനിൽക്കാനാകില്ല. വികസനം തെങ്ങിൻ മണ്ടയിൽ വരാൻ പോകുന്നില്ല. ചെങ്ങറയിലുൾപ്പെടെ ഭൂമി ചോദിക്കുന്നവരെ ഉപരോധത്തിൽ പെടുത്തി അവരോട് 'ബലികുടീരങ്ങളേ' എന്നു പാടുന്നതാണ് പുതിയ സാംസ്കാരിക വിപ്ലവം.

നാളിതുവരേയുള്ള ചരിത്രം വർഗ സമരത്തിന്റേതാണെന്ന് മാർക്സ് പ്രവചിച്ചത് അക്ഷരാർഥത്തിൽ പുലർന്നുകൊണ്ടിരിക്കുകയാണ്. വർഗസമരം അരങ്ങേറുന്നത് സ്വന്തം പാർട്ടിക്കകത്താണെന്ന് മാത്രം. കാലം പുരോഗമിക്കുമ്പോൾ എല്ലാവരും നല്ലവരാകുമെന്നും പട്ടാളമോ പോലീസോ ആവശ്യമില്ലാത്ത ഒരു സാമൂഹികസ്ഥിതി രൂപംകൊള്ളുമെന്നും രാഷ്ട്രം ഇല്ലാതാകുമെന്നും മാർക്സ് പ്രവചിച്ചിട്ടുണ്ട്. പക്ഷേ ഭാരതപ്പുഴയിലൂടെ വെള്ളം ധാരാളമായി ഒഴുകിയപ്പോൾ നാം കാണുന്നത് പാർട്ടി കൊഴിഞ്ഞുപോകുന്ന സാമൂഹികസാഹചര്യമാണ്. കമ്പനിയേമാനന്മാരോട് കപ്പം വാങ്ങി വികസനമെന്ന വ്യാജേന ജനങ്ങളെ വിഡ്ഢികളാക്കിക്കൊണ്ടിരിക്കുന്ന നയസമീപനങ്ങൾക്ക് കണക്കിന് പ്രഹരമേൽക്കുന്നുണ്ട് ഇടതുപാർട്ടികൾക്ക്. പ്രതികാരം ചെയ്യാനുള്ള ഒരവസരവും ജനങ്ങൾ പാഴാക്കുന്നില്ല. ആ പാഠങ്ങളിൽ ഈടുറ്റത് നന്ദിഗ്രാമിലേതാണ്.

**രണ്ടു പക്ഷമാണ് രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത്. ഈ രണ്ടു പക്ഷം എല്ലാ രാഷ്ട്രീയ കക്ഷികളിലുമുണ്ട്. അതിലൊന്ന് ധനപക്ഷമാണ്. മറ്റേത് ജനപക്ഷവും. സാമ്രാജ്യത്വവും ഫാഷിസവും കൂടുതൽ അടുത്ത് നിൽക്കുന്നത് ധനപക്ഷത്തോടാണ്. രാജ്യത്ത് മഹാഭൂരിപക്ഷമുള്ള സാധാരണ ജനങ്ങൾ അവർക്കെതിരായ സമരമുഖത്താണ്.**

ചെറിയ കാർ നിർമിക്കുന്ന വലിയ ഫാക്ടറിക്കായി കർഷകരുടെ കൃഷിഭൂമി പിടിച്ചെടുത്തുകൊടുക്കുന്ന കരിങ്കാലിപ്പണിക്ക് ഇടതുനേതാക്കൾ നേതൃത്വം നൽകുന്നത് കണ്ട് ജനം അമ്പരന്നു. ഭൂമി ഏറ്റെടുക്കൽ നടപടിക്കെതിരെ രൂപംകൊണ്ട സമരസമിതിയെ പോലീസ്രാജ് ഉപയോഗിച്ച് നേരിട്ടു. ജനകീയസമരം ശക്തമായപ്പോൾ കിട്ടിയ അവസരത്തിൽ കാറ് കമ്പനിയും ബംഗാളിനോട് 'ടാറ്റ' പറഞ്ഞു. ഫലം ജനുവരി 5 ന് അവിടെ നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിൽ ഇടതുകക്ഷികൾ ക്ലീൻ ബൗൾഡായി. തൃണമൂൽ കോൺഗ്രസിലെ ഫിറോസാ ബീബി സി.പി.ഐയിലെ പരമാനന്ദഭാരതിയെ 39,000 വോട്ടുകൾക്കാണ് തോൽപ്പിച്ചത്. ജനം ജയിപ്പിച്ച സ്ഥാനാർഥി 'ഭൂമി ഉഛദ് പ്രതിരോധ് കമ്മിറ്റി'യുടെ ഊർജസ്വലയായ പ്രവർത്തകയായിരുന്നു. ഫലം പുറത്തുവന്നയുടനെ മാർക്സിസ്റ്റു പാർട്ടിയുടെ പ്രതിഭാധനരായ നേതാക്കന്മാർ പ്രശ്നം പ്രാദേശികമാണെന്ന പ്രസ്താവനയിറക്കി തടിതപ്പി. ഉരുക്കുകോട്ടയിലെ ചുവന്ന മണ്ണ് ഒലിച്ചു തുടങ്ങുകയാണെന്ന് കാണാനുള്ള കണ്ണ് അവർക്കുണ്ടായില്ല. ബംഗാൾ വിട്ടാൽ തീവണ്ടിയാപ്പീസിലല്ലാതെ ചുവന്നകൊടി കാണുന്ന കേരളത്തിലും സമാനമായ അനുഭവമുണ്ടായി. 2008 ഡിസംബറിൽ ഏറ്റവും ചുരുങ്ങിയത് മൂന്നു പതിറ്റാണ്ടായി ഇടതിന്റെ സ്വർഗമായ ഷൊർണൂരിൽ ജനങ്ങൾ പാർട്ടിയെ കെട്ടുകെട്ടിച്ചു. ഷൊർണൂർ മുൻസിപ്പാലിറ്റിയിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ ഒമ്പതിൽ എട്ടിലും പാർട്ടിസ്ഥാനാർഥികൾ പൊട്ടി. മാർക്സിസ്റ്റ്പാർട്ടിയിൽനിന്ന് അടർന്ന് വീണുമുളച്ച ജനകീയവികസനസമിതിക്ക് ജനം വൻവരവേൽപ്പാണ് നൽകിയത്. അത് മറ്റൊരു പ്രാദേശിക പ്രശ്നമാണെന്നായിരുന്നു ഔദ്യോഗിക വിശദീകരണം. മറ്റൊരു പ്രശ്നമുള്ളത് ഒഞ്ചിയത്താണ്. 1948ൽ പാർട്ടി പ്രവർത്തകരായ 10 പേർ പോലീസ് വെടിവെപ്പിൽ രക്തസാക്ഷികളായ ഒഞ്ചിയത്ത് ഇപ്പോൾ ശക്തം യഥാർഥ മാർക്സിസ്റ്റ് പാർട്ടിയല്ല, 'ഒഞ്ചിയം കമ്യൂണിസ്റ്റ് പാർട്ടി'യും 'ഒഞ്ചിയം ഡി.വൈ.എഫ്.ഐ'യുമാണ്. റിബൽ വൈറസ് മറ്റു പ്രദേശങ്ങളെയും വളരെ വേഗം ബാധിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം പ്രാദേശിക പ്രശ്നങ്ങളാണെന്ന് കരുതി സമാധാനിക്കുന്ന പാർട്ടിയജമാനന്മാരോട്, പല പ്രദേശങ്ങൾ ചേർന്നാണ് കേരളവും ഭാരതവും ഉണ്ടാകുന്നതെന്ന് പഠിപ്പിക്കാൻ പറ്റിയ 'പരിഷത്തുകാരൻ' ഇപ്പോൾ ഇല്ല എന്നതാണ് സങ്കടം.

അഭയ കേസ് സി.ബി.ഐ അന്വേഷിച്ചു പൊടിപൊടിച്ചപ്പോൾ ദൃക്സാക്ഷി വിവരണം നൽകി ആഘോഷിച്ചതാണ് പാർട്ടിപത്രം. മാറാട് കേസും സി.ബി.ഐക്ക് വിടണമെന്ന സുചിന്തിതാഭിപ്രായമാണ് പോളിറ്റ് ബ്യൂറോ പടനായകനായ കോടിയേരിക്കുള്ളത്. പക്ഷേ എസ്.എൻ.സി ലാവ്‌ലിൻ അഴിമതി, കോടതിയിടപെടലുകളുടെ സമ്മർദത്തിൽ സി.ബി.ഐക്ക് കൈകാര്യം ചെയ്യേണ്ടിവന്നപ്പോൾ കലി തുള്ളുകയാണ് പാർട്ടികേഡർ. അഴിമതിക്കെതിരെ സ്വന്തം ഭരണഘടനയിലെ കൂർത്ത വാചകങ്ങൾ തന്നെ അവരെ ഇപ്പോൾ വേട്ടയാടിക്കൊണ്ടിരിക്കുകയാണ്. ഗുരുതരമായ സാമ്പത്തിക കുറ്റം ഉന്നയിക്കപ്പെടുന്ന പക്ഷം കുറ്റപത്രം നൽകി വിശദീകരണം വരുത്തുന്നത് വരെ ഉടനടി വ്യക്തിയെ സസ്പെന്റ് ചെയ്ത് ഉത്തരവാദപ്പെട്ട എല്ലാ സ്ഥാനങ്ങളിൽനിന്നും നീക്കം ചെയ്യേണ്ടതാണെന്ന് പാർട്ടി വേദപുസ്തകത്തിന്റെ പത്തൊമ്പതാം അധ്യായം പതിനൊന്നാം സൂക്തം വ്യക്തമാക്കുന്നുണ്ടത്രെ. എന്നിട്ടും പാർട്ടി പാറ പോലെ ഉറച്ചുനിന്ന് സ്വയം തോറ്റുപോകുന്നത് ആർക്കു വേണ്ടിയാണ്.

ഇടതുപക്ഷപ്രസ്ഥാനങ്ങൾ ദുർബലമാകണമെന്നത് സാമ്രാജ്യത്വത്തിന്റെയും ഫാഷിസത്തിന്റെയും താൽപര്യമാണ്. ചരിത്രപരമായ ദൗത്യമാണ് ഇന്ത്യയിൽ അവർക്ക് നിർവഹിക്കാനുള്ളത്. കമ്യൂണിസം പൂത്തുനിന്ന കാലത്ത് അത് മോസ്കോയിൽ ഗതികിട്ടാതെ അലയുമെന്ന് മൗലാനാ മൗദൂദി പ്രസംഗിച്ചിട്ടുണ്ടെ

ന്നത് ശരിയാണ്. ആശയലോകത്ത് അവർക്ക് സംഭവിച്ച 'മസ്തിഷ്ക്കമരണം' മാർക്സിസ്റ്റു ചിന്തകർ തന്നെ അടയാളപ്പെടുത്തിയിട്ടുള്ളതാണ്. പക്ഷേ അതിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ ഇടതുകക്ഷികൾ തോൽക്കണമെന്ന അഭിപ്രായം ഇസ്ലാമിക പ്രസ്ഥാനങ്ങൾക്കോ ഇന്ത്യയിലെ മുസ്ലിംകൾക്കോ ഉണ്ടായിക്കൊള്ളണമെന്നില്ല. സാമ്രാജ്യത്വത്തെയും ഫാഷിസത്തെയും എതിർക്കുന്ന വിഷയത്തിലും മറ്റും ഇടതുപക്ഷനേതാക്കളുടെയും മുസ്ലിം നേതാക്കളുടെയും സ്വരം ഒന്നാണ് എന്നത് ദീർഘദൃഷ്ടിയോടെ കാണേണ്ട സൂചകമാണ്. നവലിബറൽ നയങ്ങളുടെ കുത്തൊഴുക്കിൽ ഒലിച്ചു പോകാതെ പിടിച്ചുനിൽക്കാനുള്ള ത്രാണി വീണ്ടെടുക്കുകയാണ് ഇടതുപക്ഷം ചെയ്യേണ്ടത്. ഉഴിച്ചിലും പിഴിച്ചിലുമുള്ള, ഞരമ്പ് അറിയുന്ന അടിയന്തര വൈദ്യചികിത്സക്ക് പാർട്ടിയെ ലോക്സഭാ തെരഞ്ഞെടുപ്പിന് മുമ്പ് വിധേയമാക്കേണ്ടതാണ്. ഇതെഴുതുമ്പോൾ കേരളത്തിൽ ഇടതുപക്ഷ ചിഹ്നത്തിന്റെ പേരിലറിയപ്പെട്ട പ്രമുഖ മുസ്ലിം വിഭാഗം തങ്ങളിനി ഇടതുപക്ഷത്തെ പിന്തുണക്കില്ലെന്ന് പ്രസ്താവിച്ചിട്ടുണ്ട്. കാലത്തിന്റെ ചുവരെഴുത്തുകൾ വായിക്കാൻ പാർട്ടിക്കാർക്ക് കഴിയുന്നില്ലെങ്കിൽ മൗദൂദി പറഞ്ഞതു തന്നെയാണ് ഇന്ത്യയിലും സംഭവിക്കുക.

രാജ്യത്ത് ഇപ്പോൾ രൂപപ്പെട്ടുവരുന്ന രാഷ്ട്രീയ ധ്രുവീകരണം പ്രതീക്ഷക്ക് വകനൽകുന്നതാണ്. രണ്ടു പക്ഷമാണ് രാജ്യത്ത് ഇപ്പോൾ നിലനിൽക്കുന്നത്. ഈ രണ്ടു പക്ഷം എല്ലാ രാഷ്ട്രീയ കക്ഷികളിലുമുണ്ട്. അതിലൊന്ന് ധനപക്ഷമാണ്. മറ്റേത് ജനപക്ഷവും. സാമ്രാജ്യത്വവും ഫാഷിസവും കൂടുതൽ അടുത്തു നിൽക്കുന്നത് ധനപക്ഷത്തോടാണ്. രാജ്യത്ത് മഹാഭൂരിപക്ഷമുള്ള സാധാരണ ജനങ്ങൾ അവർക്കെതിരായ സമരമുഖവും. ജനങ്ങളെ അവരുടെ പിറന്ന മണ്ണിൽനിന്നും ആട്ടിയിറക്കുന്ന വികസനപദ്ധതികളിൽ, പകൽ പരസ്പരം പൊരുതുന്ന രാഷ്ട്രീയ നേതാക്കന്മാർ പങ്കുകച്ചവടക്കാരാണ്. രാത്രി വീതംവെക്കുന്ന ലാഭവിഹിതത്തിൽ അവരെല്ലാവരും തുല്യപങ്കാളികളുമാണ്. സായിപ്പിനെ പോലും തോൽപ്പിക്കുന്ന ഈ രാഷ്ട്രീയ കങ്കാണിമാരിൽ നിന്ന് രാജ്യത്തെ രക്ഷിക്കാൻ നമുക്ക് ബാധ്യതയുണ്ട്. ഒരോ ജനതക്കും അവരർഹിക്കുന്ന നേതൃത്വത്തെ മാത്രമേ ലഭിക്കുകയുള്ളൂവെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ഒരു പുതിയ രാഷ്ട്രീയസംസ്കാരത്തിന്റെ പിറവിക്കു വേണ്ടിയുള്ള അർഹത നാം തെളിയിക്കുകയാണ് രക്ഷപ്പെടാനുള്ള ഒരേയൊരു വഴി. ■

faisal.kochi@gmail.com